# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 12/11/ 2019

## 17 വർഷങ്ങൾക്ക് മുമ്പ് കാണാതായ ആളിനെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രാക്കിംങ്ങ് യൂണിറ്റ് കണ്ടെത്തി.

കൊല്ലം : കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ കന്റോൺമെന്റ് സൗത്തിൽ നിന്നും 2002-ൽ കാണാതായ ഷമസുദ്ദീൻ മകൻ സുധീറിനെ കണ്ടെത്തുന്നതിലേക്കായി ടിയാന്റെ പിതാവ് 08.04.2002-ൽ കൊല്ലം ഈസ്റ്റ് പോലീസ് ക്രൈം.359/2002 നമ്പർ ആയികേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. എങ്കിലും സുധീറിനെ കണ്ടെത്താൻ ആയില്ല. കൊല്ലം ചിന്നക്കടയിലെ പ്രമുഖ ഫുഡ്വെയർഷോപ്പിലെ ജീവനക്കാരൻ ആയിരുന്ന സുധീർ നാട്വിട്ട് ഊട്ടിയിലേയ്ക്ക് പോയിരുന്നതും പിന്നീട് നാട്ടിലെത്തി പലയിടങ്ങളിലായി മാറി മാറി താമസിച്ച് വന്നിരുന്നതാണ്. എങ്കിലും തന്നെ കാണാതായതിലേയ്ക്ക് കേസ്സ് നിലവിലുള്ള വിവരം സുധീർ അറിയാതിരുന്നതിനാലും പിന്നീട് ഗൾഫചന്റ ജോലി സംബന്ധമായി പോയ തിനാലും പോലീസ് സ്റ്റേഷനിൽ ഹാജരാകുകയോ തുടർനടപടി സ്വീകരിക്കുകയോ ചെയ്തി ട്ടില്ല. കൊല്ലം ഈസ്റ്റ് പോലീസ് ഈ കേസ്സ് അന്വേഷിച്ച് കണ്ടെത്തതിനാൽ ഈ കേസ്സിന്റെ അന്വേഷണം കൊല്ലം സിറ്റി പോലീസ് കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള കൊല്ലം സിറ്റി ക്രൈം ബ്രാഞ്ചിലെ ഡിസ്ട്രിക് മിസ്സിംങ് പേഴ്സൺ ട്രാക്കിങ്ങ് യൂണിറ്റിലെ പ്രത്യേക അന്വേഷണ സംഘം ഏറ്റെടുത്തിരുന്നതും, തുടർന്ന് സുധീറും മറ്റും ഇപ്പോൾ താമസിച്ചു വരുന്ന വടക്കേ വിളയിലുള്ള വീട്ടിൽ നിന്നും ടിയാനെ കണ്ടെത്തി കോടതിയിൽ ഹാജരാക്കി യിട്ടുള്ളതും കോടതിയിൽ നിന്നും കുടുംബത്തോടൊപ്പം പോകുന്നതിന് അനുമതി നൽകിയുട്ട ള്ളതുമാണ്. ജില്ലാക്രൈം ബ്രാഞ്ച്, അസി. പോലീസ് കമ്മീഷണർ ശ്രീ. ജി.സർജ്ജുപ്രസാദിന്റെ നേതൃത്വത്തിൽ എസ്.ഐമാരായ എൻ വിജയൻ, മോഹൻലാൽ എ.എസ്.ഐമാരായ ജയപ്ര ദീപ്, അനിൽകുമാർ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടാരുന്നത്.